**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 623** **02-02-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന്റെ ഉദ്യം പോർട്ടൽ വഴിയാണോ എന്ന് വ്യക്തമാക്കാമോ; | (എ) | **പുതിയതായി ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട ഉടത്തരം സംരംഭങ്ങൾ കേന്ദ്ര സർക്കാരിന്റെ ഉദ്യം പോർട്ടൽ വഴി രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. സംസ്ഥാന വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി, 01.04.2022 മുതൽ സംസ്ഥാനത്ത് പ്രവർത്തനമാരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പുതിയ സംരംഭങ്ങൾ മേൽപ്പറഞ്ഞ പോർട്ടലിൽ പുതുതായി രജിസ്റ്റർ ചെയ്തു എന്ന കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം ഡാറ്റാ എൻട്രി പോർട്ടൽ (**www.yearofenterprises.kerala.gov.in**) വഴി 1,27,214 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പുതിയ സംരംഭങ്ങൾ പോർട്ടലിൽ റീ-രജിസ്റ്റർ/മൈഗ്രേറ്റ് ചെയ്തു എന്ന കണക്കുകൾ ലഭ്യമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾ പോർട്ടലിൽ റീ-രജിസ്റ്റർ/മൈഗ്രേറ്റ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ